കെ.കെ. കുഞ്ഞാലി മുസ്‌ലിയാർ,
ചേലക്കാട്



# ഇമാം ഇബ്നുഅബ്ദിസ്സലാം(റ)

പ്രസിദ്ധ ശാഫിഈ പണ്ഡിതനാണ് ഇമാം ഇസ്സുദ്ദീൻ(റ). സ്വനാമം അബ്ദുൽഅസീസ്. പിതാവ് അബ്ദുസ്സലാം. ഹി: 577-ലോ 8-ലോ ദിമശ്ഖിലാണു ജനനം. നിരവധി ഗുരുവര്യരിൽ നിന്ന് വിജ്ഞാനത്തിന്റെ വിവിധ ഫന്നുകൾ അദ്ദേഹം കരസ്ഥമാക്കി. ഫഖ്റുദ്ദീൻ ഇബ്നുഅസാകിർ, സൈഫുദ്ദീൻ ഹാമിദീ, അബ്ദുല്ലത്വീഫ്, ഖാളീ ജമാലുദ്ദീൻ, ഖാസിമുബ്നു അസാകിർ(റ.ഹും) തുടങ്ങിയ പ്രഗൽഭമതികൾ അവരിൽ ചിലരാണ്. തഫ്സീർ, ഹദീസ്, ഫിഖ്ഹ്, ഉസ്വൂൽ, വിവിധ മദ്ഹബുകളിലുള്ള ഉലമാഇന്റെ അഭിപ്രായങ്ങൾ എന്നിവകളിലെല്ലാം പ്രാപ്തിയും കഴിവും ഒത്തിണങ്ങിയവരാണ് ഇമാം. ഒരു മുജ്തഹിദിന് ഉണ്ടാവേണ്ട യോഗ്യതയും അപാരമായ കഴിവും മഹാനർക്കുണ്ടായിരുന്നുവെന്ന് ചിലർ പറഞ്ഞിട്ടുണ്ട്. ശാഫിഈ മദ്ഹബ് അവലംബിച്ചു ജീവിച്ച മഹാപണ്ഡിതനായിട്ടാണ് ഇമാം അറിയപ്പെടുന്നത്.

ഒട്ടനവധി ശിഷ്യരും ഇമാമിനുണ്ട്. ഇബ്നുദഖീഖിൽ ഈദ്, അലാഉദ്ദീൻ, ഇബ്നുൽ ഫിർകാഹ്, ദിംയാത്വീ, ഹാഫിള് അബൂബക്ർ എന്നിവർ ചിലരാണ്. ശിഷ്യരിൽ ഇബ്നുദഖീഖിൽ ഈദാണ് ഗുരുവര്യരെ 'സുൽത്വാനുൽ ഉലമാഅ്' എന്നു വിളിച്ചത്. അത് പിൽക്കാല ഉലമാഉം ഏറ്റുപറഞ്ഞു. ചെറുപ്രായത്തിൽ വല്ലാത്ത ദാരിദ്ര്യത്തിൽ ജീവിച്ചവരാണ് ഇമാം. വലുതായപ്പോഴാണ് ഇൽമ് പഠിക്കാൻ തുടങ്ങിയത്. അതിനു നിമിത്തമായ സംഭവം ഇതാണ്. ഡമാസ്കസിലെ ഒരു ജാമിഅയിൽ ഒരു ദിവസം രാപ്പാർത്തു. ഉറക്കിൽ ശുക്ലസ്ഖലനമുണ്ടായി. കഠിനമായ തണുപ്പുള്ള ആ രാത്രിയിൽ അദ്ദേഹം കുളിച്ചുവന്നു. ഇങ്ങനെ രണ്ടോ മൂന്നോ പ്രാവശ്യം സംഭവിച്ചു. ബോധരഹിതനായി വീണു. ശേഷം ഒരശരീരി. 'അല്ലയോ അബ്ദുസ്സലാം, നിങ്ങൾക്ക് ഇൽമോ അമലോ എന്താണു വേണ്ടത്?' "ഇൽമ് തന്നെ." കേട്ട ശബ്ദത്തിനുത്തരമേകി. നേരം പുലർന്നപ്പോൾ ഇമാം ശീറാസിയുടെ 'തൻബീഹ്' കുറഞ്ഞ ദിവസത്തിനുള്ളിൽ ഹൃദിസ്ഥമാക്കി. പിന്നീടങ്ങോട്ടാണ് വിജ്ഞാനത്തിന്റെ കഴമില്ലാകടലിലിറങ്ങി യാത്ര തുടർന്നത്. സുഹ്ദും വറഉം തഖ്‌വയുമെല്ലാം സമ്മേളിച്ച ഇമാം തസ്വവ്വുഫിചിന്തയെ പ്രശംസിച്ചവരും മശാഇഖുമാരോട് സഹവാസം പുലർത്തുകയും ശൈഖ് ശിഹാബുദ്ദീനുസ്സുഹ്റവർദിയിൽ നിന്ന് 'ഖിർഖ' സ്വീകരിച്ചവരുമാണ്. മഹാനരുടെ മുമ്പിൽ വച്ച് ശൈഖ് ഖുശൈരിയുടെ രിസാല വായിക്കുന്നതിനിടയിൽ ശൈഖ് ശാദിലിയുടെ ശിഷ്യൻ അബുൽഅബ്ബാസിൽ മുർസീ കയറിവന്നു. 'നിങ്ങൾ ഈ ഭാഗം വിവരിക്കൂ' എന്ന് ഇമാം ഇസ്സുദ്ദീൻ പറഞ്ഞു. അദ്ദേഹം വിവരിക്കുന്നതിനിടയിൽ ഇമാം മുട്ടുകുത്തിയിരുന്ന് അൽഭുതം കൂറിക്കൊണ്ട് സദസ്യരോട് ഇങ്ങനെ പറഞ്ഞു: നിങ്ങളെല്ലാം ഈ സംസാരം ശ്രദ്ധിച്ചു കേൾക്കുക. റബ്ബിനെക്കൊണ്ട് ഇപ്പോൾ ലഭിച്ച അറിവാണിത്.

ശൈഖ്ശാദിലീ(റ) ഒരിക്കൽ ഹജ്ജ് കഴിഞ്ഞു വന്നു വീട്ടിൽ കടക്കുന്നതിന്റെ മുമ്പായി ഇമാമവർകളുടെ അടുക്കൽ ചെന്നുകൊണ്ട് നബിതിരുമേനി (സ) നിങ്ങൾക്ക് സലാം പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു. താൻ അതിന് അർഹനല്ലെന്ന മട്ടിൽ സ്വയം വിനയാന്വിതനായി. ശേഷം അദ്ദേഹത്തെയും മറ്റു ചില ശൈഖുമാരെയും തന്റെ ഖാൻഖാഹിലേക്കു ശൈഖ് കൂട്ടിക്കൊണ്ടുപോയി സംഭാഷണങ്ങൾ നടത്തി. ഇമാം ദിമശ്ഖിൽ ഗസ്സാലിയ്യ സ്ഥാപനത്തിൽ

മുദർരിസും ഉമവീ ജാമിഇൽ ഖത്വീബും ഇമാമുമായിരുന്നു.

ബിദഈ വിശ്വാസങ്ങളും ശർഇനു വിരുദ്ധമായ വിശ്വാസങ്ങളുമെല്ലാം ഇമാം ശക്തിയായി എതിർക്കുമായിരുന്നു. അക്കാലത്തെ ചില ഖത്വീബുമാർ നിർവഹിച്ച പലതും അദ്ദേഹം തിരസ്കരിച്ചു. മിമ്പറിന്മേൽ മുട്ടിമുട്ടി കയറുക, കറുത്ത വസ്ത്രം ധരിക്കുക, പ്രാസമൊപ്പിച്ചു മാത്രം ഖുതുബ നിർവ്വഹിക്കുക, രാജാക്കന്മാർക്കു നന്മകൊണ്ടു പ്രാർത്ഥിക്കുന്നതിലുപരി അവരെ വർണ്ണിച്ചു പറയുക ഇതൊന്നും അദ്ദേഹം ചെയ്യാറില്ല. ദിമശ്ഖിലെ ഭരണാധിപൻ സ്വാലിഹ് ഇസ്മാഈൽ ഫ്രഞ്ചുകാരുമായുള്ള സന്ധിയിൽ ശകീഫ് കോട്ടയും സൈദാനാടും വിട്ടുകൊടുത്തത് ഇമാമിന് തീരെ പിടിച്ചില്ല. ഇക്കാരണത്താൽ പിന്നീട് അദ്ദേഹത്തിനുവേണ്ടി ഖുത്വുബയിൽ ദുആയിരന്നുമില്ല. ഇതിൽ അരിശംപൂണ്ട ഭരണാധിപൻ അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നൊഴിവാക്കി ജയിലിലടച്ചു. ജയിലിൽ കൂട്ടിന് ഇമാമിനെ സഹായിച്ച ഇബ്നുൽ ഹാജിബുമുണ്ട്. ശേഷം ഇരുവരെയും വിട്ടയച്ചു. രണ്ടുപേരും പിന്നീട് മിസ്റിലേക്കു യാത്രയായി. കൈറോവിൽ ഇമാമിനെ അവിടത്തെ ഭരണാധിപൻ നജ്മുദ്ദീൻ അയ്യൂബ് എതിരേൽക്കുകയും മിസ്റിലെ ഖാളിയും കൈറോവിലെ പ്രഭാഷകനുമായി നിയമിക്കുകയും ചെയ്തു.

ഏല്പിച്ച കാര്യങ്ങളെല്ലാം ഭംഗിയായി നിർവ്വഹിക്കുന്നതിനിടയിൽ ഏതോ ഒരു അധികാരി ഒരു വള്ളിയുടെ മുകളിൽ ധുടിയും ചെണ്ടയും മുട്ടാൻ വേണ്ടി ഒരു റൂം എടുത്തു. ഇത് ഇമാം എതിർക്കുകയും പൊളിച്ചുമാറ്റാൻ കല്പിക്കുകയും ചെയ്തു. ശേഷം സ്വയം രാജിവച്ചൊഴിഞ്ഞു. പിന്നീട് വീട്ടിൽ തന്നെ ദർസും ഇൽമുമായി കഴിഞ്ഞുകൂടി.

ഒരു പ്രത്യേകരൂപത്തിലുള്ള 'റഗാഇബ് നിസ്കാര'വും ശഅ്ബാൻ പകുതിയുടെ രാവിലുള്ള നിസ്കാരവും ശക്തിയായി നിഷേധിച്ച ആളാണ് ഇമാം. ഇത് സുന്നത്തിൽ സ്ഥിരപ്പെട്ടിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഈ നിസ്കാരം അംഗീകരിച്ച ഇമാം ഇബ്നുസ്സ്വലാഹു(റ)(643)മായി ഇബ്നുഅബ്ദിസ്സലാം തർക്കത്തിലേർപ്പെട്ടിരുന്നു. പരസ്പരം ശുൺറി പിടിച്ചുകൊണ്ടുള്ള കിതാബുരചനയും ഇരുവരും നടത്തീട്ടുണ്ട്. ഫുഖഹാഉം മുഹഖ്ഖിഖുകളും വിശിഷ്യാ ഇമാം നവവി(റ)യും ഈ നിസ്കാരം ബിദ്അത്ത് മുൻകറത്തിന്റെ ഇനത്തിലാണ് എണ്ണിയത്.

നിരവധി കറാമത്തുകൾ ഇമാമിൽ നിന്നുണ്ടായിട്ടുണ്ട്. വർഷാന്തം ഇമാമിന് ഒരാൾ ഹദ്‌യ കൊടുത്തയക്കാറുണ്ട്. ഒരിക്കൽ ദൂതൻവഴി കൊടുത്തയച്ചതിൽ ഒരു പാത്രത്തിൽ പാൽകട്ടിയുണ്ട്. വഴിക്കുവച്ചു പാത്രം വീണു പാൽക്കട്ടി നഷ്ടപ്പെട്ടു. പകരം അയാൾ ഒരു ജൂതനിൽ നിന്ന് വാങ്ങി. ഹദ്‌യകൾ സ്വീകരിച്ച ഇമാം അതു വാങ്ങിയില്ല. ഇത് ഉണ്ടാക്കാൻ ഉപയോഗിച്ച പാൽ കറന്ന സ്ത്രീയുടെ കൈപണി കൊണ്ട് നജസാണെന്നു പറഞ്ഞുകൊണ്ടാണ് ഇമാം മടക്കിയത്. യൂറോപ്യൻ മൻസൂറ രാജ്യം കീഴടക്കാൻ വന്നപ്പോൾ മുസ്‌ലിംകൾ ഭയവിഹ്വലരായി. അടിച്ചു വീശിക്കൊണ്ടിരുന്ന കാറ്റിലേക്ക് ചൂണ്ടിക്കൊണ്ട് ശൈഖ് ഇങ്ങനെ പറഞ്ഞു: കാറ്റേ, ഇവരെയെല്ലാം പിടിച്ചു നശിപ്പിക്കൂ നീ. ശത്രുക്കളെയെല്ലാം കാറ്റു തുടച്ചു നീക്കി വിജയശ്രീലാളിതരായി മുസ്‌ലിംകൾ മടങ്ങി. കൂട്ടത്തിലൊരാൾ ഇങ്ങനെ പറയന്നു: തിരുനബി(സ)യുടെ സമുദായത്തിൽ കാറ്റിനെ വഴിപ്പെടുത്തപ്പെട്ട ഒരു മഹാനരെ നമുക്കു കാണിച്ചുതന്ന അല്ലാഹുവിനത്രെ സർവ്വസ്തുതിയും!

വിവിധവിഷയങ്ങളിൽ വിലപ്പെട്ട ചില ഗ്രന്ഥങ്ങൾ ഇമാം രചിച്ചിട്ടുണ്ട്. പൊതുനിയമങ്ങളും മറ്റനേകം ജ്ഞാനങ്ങളും ഉൾക്കൊണ്ട കിതാബാണ് 'ഖവാഇദ്.' ഇത് ചെറുതും വലുതുമുണ്ട്. ബിദ്അത്ത് അഞ്ചിനമായി വിഭജിച്ചത് ഇമാമിനെത്തൊട്ടുദ്ധരിക്കപ്പെട്ടതാണ്. ഇതു തന്റെ ഖവാഇദിൽ ഉള്ളതാണ്. ശജറതുൽ മആരിഫ്, ഗായത് ബിദായത്തുസ്സൂൽ, ഫതാവാ മൗസിലിയ്യ:, മിസ്‌രിയ്യ:, ഇമാം മുഹാസിബിയുടെ തസ്വവ്വുഫിലെ രിആയ എന്ന കിതാബിന്റെ മുഖ്തസ്വർ എന്നിവ ചിലതാണ്.

സത്യത്തിൽ ഉറച്ചുനിന്ന, രാജാക്കന്മാരോട് പോലും ധീരമായി ദീനിന്നുവേണ്ടി ശബ്ദിക്കുന്ന അവർക്കൊക്കെയും ബഹുമാനവും ആദരവും ഭയവും തോന്നിയിരുന്ന ഒരു മഹാമനീഷിയായിട്ടാണ് ഇമാമിനെ ചരിത്രപ്പടുക്കൾ വിലയിരുത്തുന്നത്. പിഴവു സംഭവിച്ചു എന്നു തോന്നിയാൽ തിരുത്താനും തനിക്കു മടിയില്ലായിരുന്നു. ഒരവസരത്തിൽ എന്തോ ഒരു മസ്അലയിലെ ഫത്‌വ പിഴച്ചെന്ന് മനസ്സിലായപ്പോൾ മിസ്‌റിലും കൈറോവിലും പോയി ജനങ്ങളോടെല്ലാം അത് തെറ്റിപ്പോയിരിക്കുന്നുവെന്ന് ഇമാം തന്നെ വിളിച്ചുപറഞ്ഞിട്ടുണ്ട്. സാമ്പത്തികമായി വളരെ ഞെരുക്കമുള്ള ഇമാമിനോട് വല്ലതും ആരെങ്കിലും ആവശ്യപ്പെട്ടാൽ ഉള്ളതൊക്കെ നല്കും. ഒന്നുമില്ലെങ്കിൽ ധരിച്ചിരുന്ന തലപ്പാവിൽ നിന്നു മുറിച്ചുകൊടുക്കും. വളറെ ദീർഘമായി ഇമാം സുബ്കി(റ) ഇമാമിന്റെ കഥ വിവരിച്ചിട്ടുണ്ട്. രണ്ടു പതിറ്റാണ്ടുകാലം ഈജിപ്തിൽ വിജ്ഞാന കുതുകികളുടെ ആശാകേന്ദ്രമായി ജീവിച്ച ഇമാം ഹി: 660-ൽ ജുമാദാ ഉഖ്റാ 9-ന് ഈ ലോകത്തോടു വിടപറഞ്ഞു. അവിടുത്തെ മഖ്ബറ കറാഫയിൽ അടക്കം ചെയ്യപ്പെട്ടു. മഹാനരുടെ ഹഖ് കൊണ്ട് അല്ലാഹു നമ്മെ സ്വാലിഹീങ്ങളിൽ ഉൾപ്പെടുത്തട്ടെ. *

മദ്ഹ്
ദാറുസ്സുന്ന ഗാനങ്ങൾ
പുറത്തിറങ്ങി
ബന്ധപ്പെടുക
9037871915, 9744409380